# കുടുംബം – ഒരു ദൈവിക പങ്കാളിത്തം

റവ. ഡോ. ഡാനിയൽ മാമ്മൻ തിരുവല്ല



മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവൻ എന്ന നിലയിൽ തന്റെ പ്രവൃത്തിയിലൂടെ ലോകത്തെ പൂർണ്ണതയിൽ എത്തിക്കുവാൻ വിളിക്കപ്പെട്ടവനാണ്. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവൻ എന്ന നിലയിൽ സ്വീകരിക്കുവാനും നൽകുവാനും മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ സ്വയം ദാനത്തിന്റെ അടയാളമായി സൃഷ്ടിക്കപ്പെട്ടവനാണ്. മറ്റൊരു വ്യക്തിയുടെ മേലുള്ള ആധിപത്യമല്ല വിവാഹജീവിതം. അത് സ്ത്രീപുരുഷ സമത്വത്തിന്റേതാണ്. അതിനാൽ സ്ത്രീയും പുരുഷനും ദൈവഛായയിൽ ഒരുമയ്ക്കായി സൃഷ്ടിക്കപ്പെട്ടരിക്കുന്നു. വിശുദ്ധ ത്രിത്വമാണ് ഒരുമയുടെ പ്രാഗ്രൂപം. ഇത് ദൈവസ്നേഹത്തിന്റെ യഥാർത്ഥമായ വിളിയും ദൗത്യവുമാണ്. ദൈവസ്നേഹം ഒരു ദാനമായി മനുഷ്യന് നൽകിയിരിക്കുന്നത് പരസ്പരം പങ്കുവയ്ക്കുന്നതിനാണ്. ആത്മദാനം പൂർണ്ണതപ്രാപിക്കുന്ന വേദിയാണ് വിവാഹജീവിതം.

**വിവാഹത്തിന്റെയും കുടുംബത്തിന്റെയും അനർഘമായ മൂല്യം** (The precious value of marriage and of the Family)

വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്തായ മൂല്യവും ഏറ്റവും അഗാധമായ അർത്ഥവും സംബന്ധിച്ച എല്ലാ സത്യവും വിശ്വാസത്താൽ പ്രകാശിപ്പിക്കപ്പെട്ട്, ഒരിക്കൽകൂടി സുവിശേഷം വിളംബരം ചെയ്യാനുള്ള അടിയന്തരാവശ്യം മനസ്സിലാക്കുന്നു. ആരെയും ഒഴിവാക്കാതെ എല്ലാ ജനങ്ങളോടും, പ്രത്യേകിച്ച് വിവാഹത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരും അതിനായി ഒരുങ്ങുന്നവരുമായ എല്ലാവരോടും, ലോകത്തിലുള്ള വിവാഹിതരായ എല്ലാ ദമ്പതികളോടും മാതാപിതാക്കളോടും സുവിശേഷമാകുന്ന *സദ്വാർത്ത* പ്രഘോഷിക്കേണ്ടത് അത്യാവശ്യമാണ്.

വിവാഹത്തിലും കുടുംബത്തിലും മനുഷ്യൻ ന്യായമായി അർപ്പിക്കുന്ന പ്രതീക്ഷകൾ സുവിശേഷം സ്വീകരിക്കുന്നതിലൂടെ മാത്രമേ സാക്ഷാത്കരിക്കപ്പെടാൻ സാധ്യതയുള്ളൂ എന്ന അഗാധമായ ബോധ്യം സഭയിലൂടെ നമുക്ക് നൽകപ്പെടുന്നു.

സൃഷ്ടി കർമത്തിൽ തന്നെ ദൈവം തിരുമനസ്സായതുപോലെ വിവാഹവും കുടുംബവും മശിഹായിൽ പൂർണ്ണത പ്രാപിക്കത്തക്ക വിധമാണ് ആന്തരികമായി നിയോഗിക്കപ്പെട്ടിരിക്കുന്നത്. പാപം മൂലമുള്ള മുറിവുകളിൽ നിന്നു സുഖം പ്രാപിച്ച് അവയുടെ ആദ്യാവസ്ഥയിലേക്കും അതായത്, ദൈവത്തിന്റെ പദ്ധതിയുടെ പൂർണ്ണമായ അറിവിലേക്കും പൂർണ്ണമായ സാക്ഷാത്കാരത്തിലേക്കും – വിവാഹവും കുടുംബവും പുനരുദ്ധരിക്കപ്പെടുന്നതിന് അവിടുത്തെ കൃപാവരങ്ങൾ ആവശ്യമാണ്.

ചരിത്രത്തിന്റെ ഈ നിമിഷത്തിൽ, നിരവധി ശക്തികൾ കുടുംബത്തെ തകർക്കാനോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ അതിനെ വികലമാക്കാനോ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സമൂഹത്തിന്റെ സുസ്ഥിതിയും, സഭയുടെ തന്നെ നന്മയും, കുടുംബത്തിന്റെ നന്മയുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എല്ലാവർക്കും ബോധ്യമുണ്ട്. അതിനാൽ വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള ദൈവിക പദ്ധതി എല്ലാ ജനങ്ങളെയും അറിയിക്കുക എന്ന സ്വന്തം ദൗത്യം അടിയന്തരമായും നിർബന്ധമായും നിർവ്വഹിക്കപ്പെടേണ്ടതാണെന്ന് സഭ മനസ്സിലാക്കുന്നു; അവയുടെ പൂർണ്ണമായ ഓജസും മാനുഷികവും ക്രിസ്തീയവുമായ വികസനവും നാം ഉറപ്പുവരുത്തണം; അങ്ങനെ സമൂഹത്തിന്റെയും ദൈവജനത്തിന്റെയും നവീകരണത്തെ നാം സഹായിക്കണം.

**ഇന്നത്തെ ലോകത്തിൽ കുടുംബത്തിന്റെ അവസ്ഥ**
(The Situation of the Family in the world today)

ഇന്നു കുടുംബം ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിന് ഭാവാത്മകവും നിഷേധാത്മകവുമായ (അനുകൂലവും പ്രതികൂലവുമായ) സവിശേഷതകളുണ്ട്; ആദ്യത്തേത് ലോകത്തിൽ പ്രവർത്തനനിരതമായിരിക്കുന്ന മശിഹായുടെ രക്ഷയുടെ അടയാളമാണ്; രണ്ടാമത്തേത് ദൈവത്തിന്റെ സ്നേഹത്തെ മനുഷ്യർ നിരാകരിക്കുന്നതിന്റെ അടയാളവും. യഥാർത്ഥത്തിൽ, ഒരു വശത്ത് വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച് കൂടുതൽ സജീവമായ അവബോധമുണ്ട്. എന്നു മാത്രമല്ല, വിവാഹത്തിലെ വ്യക്ത്യന്തര ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലും, സ്ത്രീകളുടെ അന്തസ് ഉയർത്തുന്നതിലും, ഉത്തരവാദിത്തപൂർണ്ണമായ സന്താനോല്പാദനം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയിലും കൂടുതൽ ശ്രദ്ധ കാണപ്പെടുന്നു. കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ വികസനം, പരസ്പരമുള്ള ആത്മീയവും ഭൗതികവുമായ സഹായം, കുടുംബത്തിന് അനുയോജ്യമായ സഭാത്മക ദൗത്യത്തിന്റെ വീണ്ടുമുള്ള കണ്ടെത്തൽ, കൂടുതൽ നീതി